**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1148** **18-09-2025 - ൽ മറുപടിയ്ക്ക്**

**മട്ടന്നൂർ മണ്ഡലത്തിൽ ജൽജീവൻ മിഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | മട്ടന്നൂർ നിയോജകമണ്ഡലത്തിൽ ജൽ ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ; | (എ) | മട്ടന്നൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട കീഴല്ലൂർ, മാങ്ങാട്ടിടം, തില്ലങ്കേരി, മാലൂർ, കൂടാളി, പടിയൂർ, കല്യാട്, ചിറ്റാരിപ്പറമ്പ, കോളയാട് എന്നീ 8 പഞ്ചായത്തുകളിൽ ജൽ ജീവൻ മിഷൻ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>**1.<u>കീഴല്ലൂർ പഞ്ചായത്ത്</u>**<br><br>പദ്ധതിയുടെ ഭാഗമായി വിഭാവനം ചെയ്തിട്ടുള്ള 3178 കണക്ഷനുകളിൽ നിലവിൽ 2130 കുടിവെള്ള കണക്ഷനുകളുടെ പ്രവൃത്തി പൂർത്തീകരിച്ച് കുടിവെള്ളം വിതരണം ചെയ്യുന്നുണ്ട്. പദ്ധതിയുടെ ഭാഗമായി വെള്ളിയാംപറമ്പിൽ 1.20 LL ഉന്നതതല സംഭരണിയും കൊതേരിയിൽ 0.60 LL സംപ് കം പമ്പ്ഹൗസിന്റെയും പനയത്താംപറമ്പിൽ 0.70 LL ഉന്നതതല സംഭരണിയുടെയും പ്രവൃത്തി അന്തിമ ഘട്ടത്തിലാണ്. കീഴല്ലൂർ പഞ്ചായത്തിന്റെ ഉയർന്ന ഭാഗങ്ങളിൽ കുടിവെള്ളമെത്തിക്കുന്നതിനായി ചെറുകുഞ്ഞിക്കരിയിൽ സ്ഥാപിക്കേണ്ട 3.00 LL ഉപരിതല സംഭരണിക്ക് കിൻഫ്ര ഏറ്റെടുക്കുന്ന ഭൂമി കൈമാറിക്കിട്ടാത്തതുകൊണ്ട് പ്രവൃത്തി ആരംഭിക്കാൻ സാധിച്ചിട്ടില്ല. കീഴല്ലൂർ പഞ്ചായത്തിലെ ജൽ ജീവൻ മിഷൻ പ്രവൃത്തി 79 % പൂർത്തീകരിച്ചിട്ടുണ്ട്.<br><br>2.**<u>മാങ്ങാട്ടിടം പഞ്ചായത്ത്</u>**<br><br>പദ്ധതിയുടെ ഭാഗമായി വിഭാവനം ചെയ്തിട്ടുള്ള 7706 കണക്ഷനുകളിൽ നിലവിൽ 1438 കുടിവെള്ള കണക്ഷനുകളുടെ പ്രവൃത്തി പൂർത്തീകരിച്ച് നിലവിലുള്ള സ്രോതസ്സ് വഴി കുടിവെള്ളം വിതരണം ചെയ്യുന്നുണ്ട്. ആയിത്തറയിൽ 11.00 LL ഉന്നതതല സംഭരണിയുടെ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. മാങ്ങാട്ടിടം പഞ്ചായത്തിനകത്തുള്ള ജൽ ജീവൻ മിഷൻ പ്രവൃത്തി 95 % പൂർത്തീകരിച്ചിട്ടുണ്ട്. |

3.**തില്ലങ്കേരി പഞ്ചായത്ത്**

പദ്ധതിയുടെ ഭാഗമായി വിഭാവനം ചെയ്തിട്ടുള്ള 2939 കുടിവെള്ള കണക്ഷനുകളിൽ നിലവിൽ 2700 കുടിവെള്ള കണക്ഷനുകളുടെ പ്രവൃത്തി പൂർത്തീകരിച്ച കുടിവെള്ളം വിതരണം ചെയ്യുന്നുണ്ട്. പദ്ധതിയുടെ ഭാഗമായി 6.00 LL, 1.00 LL എന്നീ ഉപരിതല സംഭരണികളുടെ പ്രവൃത്തി കാഞ്ഞിരാട്ടും കാഞ്ഞിരാട് മലയിലും പൂർത്തീകരിച്ചിട്ടുണ്ട്. തില്ലങ്കേരി പഞ്ചായത്തിലെ ഉയർന്ന പ്രദേശങ്ങളിലേക്ക് കുടിവെള്ളമെത്തിക്കുന്നതിന്റെ ( Thillankery –Zone III & IV) പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. തില്ലങ്കേരി പഞ്ചായത്തിലെ ജൽ ജീവൻ മിഷൻ പ്രവൃത്തി 91% പൂർത്തീകരിച്ചിട്ടുണ്ട്.

4.**മാലൂർ പഞ്ചായത്ത്**

പദ്ധതിയുടെ ഭാഗമായി 5139 കുടിവെള്ള കണക്ഷനുകൾ നൽകാനാണ് വിഭാവനം ചെയ്തിട്ടുള്ളത്. പഞ്ചായത്തിൽ പ്രവൃത്തി പുരോഗമിച്ച വരുന്നു. ചിത്രമലയിൽ 1.50 LL ഉന്നതതല സംഭരണിയുടെ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട് മാലൂർ പഞ്ചായത്തിലെ ജൽ ജീവൻ മിഷൻ പ്രവൃത്തി 26 % പൂർത്തീകരിച്ചിട്ടുണ്ട്.

5.**കൂടാളി പഞ്ചായത്ത്**

ജൽ ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി വിഭാവനം ചെയ്തിട്ടുള്ള 5635 കണക്ഷനുകളിൽ നിലവിൽ 4458 കുടിവെള്ള കണക്ഷനുകളുടെ പ്രവൃത്തി പൂർത്തീകരിച്ച കുടിവെള്ളം വിതരണം ചെയ്യുന്നുണ്ട്. പദ്ധതിയുടെ ഭാഗമായി 210 കിലോമീറ്റർ വിതരണ ശൃംഖല സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ബാക്കിയുള്ള പ്രവർത്തികൾ പുരോഗമിച്ചവരുന്നു .

6.**പടിയൂർ കല്യാട് പഞ്ചായത്ത്**

പദ്ധതിയിൽ 99.18 കിലോമീറ്റർ പൈപ്പ് ലൈൻ സ്ഥാപിക്കാനുള്ളതിൽ 75.33 കിലോ മീറ്റർ സ്ഥാപിച്ചു. 5048 ഗാർഹിക കണക്ഷൻ നല്കാനുള്ളതിൽ 3508 എണ്ണം നൽകി.

7.**ചിറ്റാരിപ്പറമ്പ**

പദ്ധതിയിൽ 139.62 കി.മി സ്ഥാപിച്ച് 5950 എണ്ണം കുടിവെള്ള കണക്ഷൻ നൽകാനാണ് വിഭാവനം ചെയ്തിട്ടുള്ളത്. പ്രവൃത്തി പുരോഗമിച്ചു വരുന്നു.

8.**കോളയാട്**

| | | | |
|---|---|---|---|
| | | | പദ്ധതിയിൽ 145.18 കി.മി സ്ഥാപിച്ച് 4125 എണ്ണം കുടിവെള്ള കണക്ഷൻ നൽകാനാണ് വിഭാവനം ചെയ്തിട്ടുള്ളത്. പ്രവൃത്തി പുരോഗമിച്ചു വരുന്നു. |
| (ബി) | മട്ടന്നൂർ മണ്ഡലത്തിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് നടപ്പാക്കുന്ന കുടിവെള്ള പദ്ധതിയുടെ പ്രവർത്തന പുരോഗതി വിശദമാക്കുമോ? | (ബി) | കിഫ്ബി മുഖാന്തരം മട്ടന്നൂർ ഇരിട്ടി കുടിവെള്ള പദ്ധതിയുടെ (ഫേസ് II) പാക്കേജ് I ന്റെ ഭാഗമായി മട്ടന്നൂർ മുനിസിപ്പാലിറ്റിയിൽ പദ്ധതിയുടെ പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി വഴി 12500 കുടിവെള്ള കണക്ഷൻ നൽകാനാണ് ലക്ഷ്യമിടുന്നത്. പദ്ധതിയുടെ പ്രവൃത്തി പുരോഗമിച്ചു വരുന്നുണ്ട്. നിലവിൽ 18% പൂർത്തീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ